# ബറാഅത്ത് രാവിലെ ആചാരങ്ങൾ

**ശഅ്ബാനിലെ** പതിനഞ്ചാമത്തെ രാവാണ് ശബെ ബറാഅത്ത്. ഇതൊരു പേർഷ്യൻ പ്രയോഗമാണ്. മലയാളത്തിൽ ബറാഅത്ത് രാവ് എന്നുപറയുന്നു. ഒഴിവാകുക, മുക്തമാവുക എന്നൊക്കെയാണ് ബറാഅത്ത് എന്ന വാക്കിന്റെ അർഥം. പ്രസ്തുത രാവിന് ലൈലത്തുൽ ഖദ്റിനെക്കാൾ കൂടുതൽ പ്രാധാന്യം കൽപിക്കുകയും അന്ന് ഒരു പ്രത്യേക നോമ്പ് സുന്നത്താക്കുകയും ചെയ്യുന്നുണ്ട് ചിലർ. പ്രസ്തുത രാവിൽ അല്ലാഹു മനുഷ്യരുടെ എല്ലാ പാപങ്ങളും പൊറുക്കാൻ ഏറ്റവും അടുത്ത ആകാശത്തിലേക്ക് ഇറങ്ങി വരുമെന്ന് വിശ്വസിക്കപ്പെടുന്നു. എന്നാൽ ഈ വിശ്വാസങ്ങൾക്കോ ആചാരങ്ങൾക്കോ ഇസ്‌ലാമികമായി യാതൊരു പിൻബലവുമില്ല.

ഇമാം തിർമിദി ഉദ്ധരിച്ച ഒരു നബിവചനമാണ് ഇതിന് തെളിവായി ഉദ്ധരിക്കാറുള്ളത്. അത് ഇപ്രകാരമാണ്: 'ഒരുവൻ ശഅ്ബാൻ പതിനഞ്ചിന് ചെയ്യുന്ന പ്രത്യേക ആരാധനകൾ നിമിത്തം അവൻ കൽബ് ഗോത്രത്തിലെ ഒരാടിന്റെ രോമങ്ങളോളം പാപങ്ങൾ ചെയ്താലും പൊറുക്കപ്പെടും.'

ഈ ഹദീസ് ദുർബലമാണെന്ന് തിർമിദി തന്നെയും, വ്യാജവും അടിസ്ഥാനരഹിതവുമാണെന്ന് ഇമാം ശൗക്കാനിയും പറയുന്നു (*അൽ ഫവാഇദുൽ മജ്മൂഅ*). 'ശഅ്ബാൻ പതിനഞ്ചിനുള്ള പ്രത്യേക നോമ്പിന്നും നമസ്കാരത്തിന്നും യാതൊരടിസ്ഥാനവുമില്ല. അത് വെറുക്കപ്പെട്ട അനാചാരമാണ്.' (*അൽ ഇഅ്തിസാം* 1: 20,21)

'സ്വലാത്തുർറഗാഇബ്' എന്ന പേരിൽ അറിയപ്പെടുന്ന നമസ്കാരത്തിന്റെ പ്രാധാന്യം *ഇഹ്‌യാ ഉലൂമിദ്ദീൻ* പോലുള്ള ഗ്രന്ഥങ്ങളിൽ വിവരിച്ചതിൽ വഞ്ചിതരാകരുതെന്ന് ഇമാം നവവി(റ) തന്റെ *മജ്മൂഇൽ* മുന്നറിയിപ്പ് നൽകുന്നു.

എല്ലാ മാസങ്ങളിലും വെളുത്തരാവുകളായി അറിയപ്പെടുന്ന 13,14,15 രാവുകളിൽ നോമ്പ് സുന്നത്തായത് പോലെ, ശഅ്ബാൻ 15-നും സുന്നത്താണ് എന്നതല്ലാതെ ആ ദിവസം പ്രത്യേക നോമ്പില്ല. എന്നാൽ മറ്റു മാസങ്ങളെക്കാൾ നബിയും അനുചരന്മാരും ശഅ്ബാനിൽ ധാരാളം നോമ്പനുഷ്ഠിച്ചതായി ആഇശ(റ)യും മറ്റും റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്. റമദാനിന്ന് വളരെ അടുത്ത മാസമായതിനാൽ മുസ്‌ലിംകൾ പൊതുവെ ശഅ്ബാനെ പ്രത്യേകം പരിഗണിക്കുന്നു. ഇതിൽ കവിഞ്ഞ പ്രാധാന്യം അതിന് നൽകുന്നത് ശരിയല്ല. ഖുർആൻ ഇറങ്ങിയത് റമദാനിലാണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടും അത് ശഅ്ബാൻ പതിനഞ്ചിനാണെന്ന് വരെ ചിലർ ജൽപിക്കുന്നുണ്ട്. ഇബ്നു കസീറിനെ പോലെയുള്ളവർ ഇത്തരം വാദങ്ങളെ ശക്തിയായി ഖണ്ഡിക്കുന്നു.

ഖുലഫാഉർറാശിദുകളുടെ കാലം കഴിഞ്ഞതോടെ ധാരാളം പുത്തനാചാരങ്ങൾ മുസ്‌ലിംകളിൽ കടന്നുകൂടുകയും അവക്ക് സുന്നത്തിന്റെ പരിവേഷം നൽകപ്പെടുകയുമുണ്ടായി. ഫാത്തിമികളുടെ ഭരണകാലത്താണ് ഇത്തരം അനാചാരങ്ങളും അന്ധവിശ്വാസങ്ങളും ഏറെ കടന്നുവന്നത്. അതിൽ പെട്ട ഒന്നാണ് ബറാഅത്ത് ദിനാഘോഷം.

**എം.സി അബ്ദുല്ല**